(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ കെ.എസ്.ആർ.ടി.സി. എത്ര റൂട്ടുകളിൽ പുതുതായി സർവ്വീസ് തുടങ്ങി എന്ന് വിശദമാക്കുമോ;

(ബി) പുതുതായി തുടങ്ങിയ ഏതെങ്കിലും റൂട്ടുകൾ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത്;

(സി) ജില്ലയിൽ പുതുതായി റൂട്ടുകൾ തുടങ്ങുന്നതിനുവേണ്ടി എം.എൽ.എ-മാർ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം റൂട്ടുകൾക്കാണെന്ന് വിശദീകരിക്കുമോ;

(ഇ) ഇതിൻമേൽ കെ.എസ്.ആർ.ടി.സി. എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്)പുതിയ സർവ്വീസുകൾ തുടങ്ങുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഇ) അന്വേഷിച്ച് അറിയിക്കുന്നതാണ്.

(എഫ്)ബസ്സുകളുടെയും ജീവനക്കാരുടെയും അപര്യാപ്തത കാരണമാണ് തുടങ്ങാൻ കാലതാമസം വരുന്നത്.

69 (3394) അടൂർ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും തിരുവനന്തപുരത്തേക്ക് പ്രത്യേക ബസ്സ് സർവ്വീസ്

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ അടൂർ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന തെക്കൻ ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികൾ യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവധി ദിവസങ്ങളോടനുബന്ധിച്ച് വരുന്ന ദിവസങ്ങളിൽ ക്ലാസ് കഴിയുന്ന സമയം പരിഗണിച്ച് അടൂർ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും തിരുവനന്തപുരത്തേക്ക് കെ.എസ്.ആർ.ടി.സി.യുടെ പ്രത്യേക ബസ്സ് സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടൂരിൽനിന്നും തിരുവനന്തപുരത്തേക്ക് നിരവധി സർവ്വീസുകൾ നിലവിലുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം പ്രത്യേക സർവ്വീസ് പരിഗണിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

70 (3395) ചെറിയകൊണ്ണിയിലെ യാത്രാക്ലേശം

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നെടുമങ്ങാട് താലൂക്കിൽപ്പെട്ട ചെറിയകൊണ്ണി പ്രദേശത്ത് അനുഭവപ്പെടുന്ന യാത്രാക്ലേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പേരൂർക്കട ഡിപ്പോയിൽ നിന്നും ചെറിയകൊണ്ണി - കടമ്പനാട് വഴി അരുവിക്കരയ്ക്ക് പുതിയ സർവ്വീസ് തുടങ്ങുന്നതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ബസ്സുകളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം പുതിയ സർവ്വീസുകൾ ആരംഭിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ അനന്തര നടപടികൾ കൈക്കൊണ്ടിട്ടില്ല.

71 (3396) മോട്ടോർ വാഹന വകുപ്പിലെ ക്ലാർക്ക്-വാഹന അനുപാതം

ശ്രീമതി എൻ.കെ. രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ഒരു ക്ലാർക്കിന് എത്ര വാഹനങ്ങളുടെ ജോലിയാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) ഇപ്പോൾ എത്രമാത്രം അധികഭാരം ഓരോ ക്ലാർക്കും വഹിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) എത്ര ക്ലാർക്കുമാരാണ് ഈ വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്; ഇതിൽ എൽ.ഡി.സി. എത്ര; യു.ഡി.ക്ലാർക്ക് എത്ര;

(ഡി) ഇപ്പോൾ എത്ര ക്ലാർക്കുമാരുടെ ഒഴിവാണ് നിലവിലുള്ളത്?

ഉത്തരം

(എ) 1977-ലെ ഭരണപരിഷ്കാര വകുപ്പിന്റെ റിപ്പോർട്ട് പ്രകാരമുള്ള ക്ലാർക്ക്, വാഹന അനുപാതം താഴെ ചേർക്കുന്നു.

150 ബസ്സുകൾ	-	ഒരു ക്ലാർക്ക്
350 ലോറികൾ	-	ഒരു ക്ലാർക്ക്
500 ടാക്സി കാറുകൾ	-	ഒരു ക്ലാർക്ക്
3000 നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ	-	ഒരു ക്ലാർക്ക്

(ബി) 1978-നുശേഷം 1993-ൽ സമർപ്പിച്ച ഭരണപരിഷ്കാര വകുപ്പിന്റെ റിപ്പോർട്ടിൽ 78-ലെയും 93-ലെയും ജീവനക്കാരുടെയും വാഹനങ്ങളുടെയും അനുപാതത്തെപ്പറ്റിയുള്ള താരതമ്യപഠനം രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളുടെ വർദ്ധനവ് 801 ശതമാനവും ട്രാൻസ്പോർട്ട് വാഹനങ്ങളുടേത് 545 ശതമാനവുമാണെങ്കിൽ ക്ലറിക്കൽ സ്റ്റാഫിന്റെ എണ്ണത്തിന്റെ വർദ്ധനവ് 173 ശതമാനം മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly